(ബി) വിദഗ്ധ പരിശീലനം ലഭിച്ച അദ്ധ്യാപകരെയാണ് ഇക്കാര്യത്തിനു നിയോഗിക്കേണ്ടതെന്നാണ് സർക്കാർ കരുതുന്നത്.

(സി) നിലവിൽ ഇല്ല.

തിരുവനന്തപുരം ബോണക്കാട് ഗവൺമെന്റ് യു.പി. സ്കൂൾ

92 (3002) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ബോണക്കാട് ഗവൺമെന്റ് യു.പി. സ്കൂൾ ഓണാവധിക്കുശേഷം തുറന്നു പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ അവധിക്കുശേഷം എന്നാണ് സ്കൂൾ തുറന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സ്കൂളിൽ നിലവിൽ അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ ; അവർ സ്കൂളിൽ അദ്ധ്യയനം നടത്തുന്നുണ്ടോ ;

(സി) സ്കൂൾ തുറന്നുപ്രവർത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സ്കൂളിലെ വിദ്യാർത്ഥികളുടെ തുടർപഠനം സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

അദ്ധ്യാപകരുടെ സ്റ്റാഫ് ഫിക്സേഷൻ

93 (3003) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15-ലെ സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ LP, UP, HS എന്നിവിടങ്ങളിൽ എത്ര അദ്ധ്യാപകരെയാണ് അധികമെന്ന് കണ്ടെത്തിയിട്ടുള്ളതെന്ന് എയ്ഡഡ്, സർക്കാർ സ്കൂൾ ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകരെ നിലനിർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly